**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1831** **08-10-2021 - ൽ മറുപടിയ്ക്ക്**

**എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ** | | **Shri.V. Abdurahiman**<br>**(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കഴിഞ്ഞ അഞ്ചുവർഷം എത്ര കായിക താരങ്ങൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ; | (എ) | ഡോ.എ.പി.ജെ.അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിലുൾപ്പെടുത്തി കഴിഞ്ഞ അഞ്ച് വർഷത്തിൽ 11 കായികതാരങ്ങൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1) ശ്രീശങ്കർ.എം (അത്‌ലറ്റിക്സ്) 2) ബിബിൻ ജോർജ്ജ് (അത്‌ലറ്റിക്സ്) 3) തെരേസ ജോസഫ് (അത്‌ലറ്റിക്സ്) 4) ശ്യാംപ്രസാദ് (ബാഡ്മിന്റൺ) 5) ട്രീസാ വിൽസൺ (ബാഡ്മിന്റൺ) 6) ട്രീസാ ജോളി (ബാഡ്മിന്റൺ) 7) അപർണ്ണാ റോയ് (അത്‌ലറ്റിക്സ്) 8) പി.യു.ചിത്ര (അത്‌ലറ്റിക്സ്) 9) മെഹറുന്നീസ (ബാഡ്മിന്റൺ) 10) മോസസ് ജെയിംസ് (ഡിഫറന്റ്ലി ഏബിൾഡ് കാറ്റഗറി) 11) റെസ ഫെർഹത് (ബാഡ്മിന്റൺ) |
| (ബി) | പ്രസ്തുത സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കാമോ? | (ബി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള ജില്ലാ/കോളേജ്/സ്കൂൾ അക്കാഡമി സ്കീമിലോ, സായ് സ്കീമിലോ, സമാന സ്വഭാവത്തിലുള്ള മറ്റേതെങ്കിലും തരത്തിലുള്ള സ്പോൺസർഷിപ്പുകളോ മറ്റ് ഇതര ധനസഹായമോ ലഭ്യമാകാത്ത 14 മുതൽ 20 വയസുവരെ പ്രായമുള്ള 11 കായികതാരങ്ങൾക്ക് ഓരോ വർഷവും 10,000/- രൂപ വീതം പ്രതിമാസം സ്കോൾഷിപ്പ് നൽകി വരുന്നു. അത്‌ലറ്റിക്സ്, ബോക്സിംഗ്, ഫെൻസിംഗ്, സ്വിമ്മിംഗ്, ബാഡ്മിന്റൺ, സൈക്ലിംഗ്, കനോയിംഗ്, കയാക്കിംഗ്, റോവിംഗ് എന്നീ കായികയിനങ്ങളിൽ സ്കൂൾ, കോളേജ് തലത്തിൽ ദേശീയ (സൗത്ത് സോൺ) മത്സരത്തിൽ പങ്കെടുത്ത് മൂന്നാം സ്ഥാനം കരസ്ഥമാക്കുന്നവർക്കാണ് സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള മിനിമം യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്. ഭിന്നശേഷിക്കാരായ കായികതാരങ്ങളിൽ നിന്നും ഒരാളെ സ്കോളർഷിപ്പിനായി പരിഗണിക്കുന്നതാണ്. കേരളത്തെ പ്രതിനിധീകരിച്ച് നേട്ടങ്ങൾ കൈവരിക്കുന്ന കായികതാരങ്ങളെയാണ് |

| | | | |
|---|---|---|---|
| | | | സ്കോളർഷിപ്പിനായി പരിഗണിക്കുന്നത്. അതാത് വർഷത്തെ പെർഫോർമൻസിന്റെ അടിസ്ഥാനത്തിലാണ് അർഹരായ കായികതാരങ്ങളെ കണ്ടെത്തുന്നതും, സ്കോളർഷിപ്പ് നൽകി വരുന്നതും. കായിക താരത്തിന് 24 വയസ്സ് പൂർത്തിയാകുകയോ, സ്കോളർഷിപ്പ് ലഭിച്ച ഓരോ വർഷത്തെയും പെർഫോർമൻസിന്റെ അടിസ്ഥാനത്തിൽ പരമാവധി അഞ്ച് വർഷം വരെ സ്കോളർഷിപ്പ് ലഭിക്കുന്നതാണ്. സ്കോളർഷിപ്പ് സംബന്ധിച്ച മാനദണ്ഡങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## Dr. A.P.J Abdul Kalam സ്പോർട്സ് സ്കോളർഷിപ്പ് മാനദണ്ഡങ്ങൾ

1. ഒരു വർഷം 10 + 1 കായിക താരങ്ങളെയായിരിക്കും സ്കോളർഷിപ്പിന് തെരഞ്ഞെടുക്കുക.
2. 14 മുതൽ , 20 വയസ്സുവരെ, പ്രായ പരിധിയിലുള്ള കായിക താരങ്ങൾക്കായിരിക്കും ആനുകൂല്യം ലഭ്യമാകുക.
3. അത്‌ലറ്റിക്സ്, ബോക്സിംഗ്, ഫെൻസിംഗ്,സ്വിമ്മിംഗ്, ബാഡ്മിന്റൺ, സൈക്ലിംഗ്, കനോയിംഗ് കയാക്കിംഗ്, റോവിംഗ് എന്നീ കായിക ഇനങ്ങളിൽ സ്കൂൾ/കോളേജ് തലത്തിൽ ദേശീയ (സൗത്ത് സോൺ) മത്സരത്തിൽ പങ്കെടുത്ത് മൂന്നാം സ്ഥാനം കരസ്ഥമാക്കുകയാണ്. സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള കുറഞ്ഞ യോഗ്യത.
4. സ്പോർട്സ് കൗൺസിൽ, സായ് തുടങ്ങിയവയുടെ ഹോസ്റ്റൽ സ്കീമിലോ മറ്റേതെങ്കിലും സ്ഥാപനങ്ങളുടെയോ സ്കോളർഷിപ്പുകളോ മറ്റു ആനുല്യങ്ങളോ ലഭിക്കുന്ന കായിക താരങ്ങളെ സ്കോളർഷിപ്പിനു പരിഗണിയ്ക്കുന്നതല്ല.
5. സ്കോളർഷിപ്പിന് തെരഞ്ഞെടുക്കുന്ന കായിക താരങ്ങൾക്ക് ഏതു സ്ഥാപനങ്ങളിലോ, ഏതു പരിശീലകന്റെ കീഴിലോ പരിശീലനം നേടാവുന്നതാണ്.
6. ഓരോ വർഷവും പെർഫോമൻസും കായിക നേട്ടവും പരിഗണിച്ചായിരിക്കും തുടർന്നും സ്കോളർഷിപ്പ് അനുവദിക്കേണ്ടുന്ന കാര്യം തീരുമാനിക്കുക. പെർഫോമൻസ്സ് ഇല്ലാത്തവരുടെ ആനുകൂല്യം നിർത്തലാക്കുന്നതാണ്.
7. Achievements ഉം, Physical Parameters ഉം നോക്കിയായിരിക്കും കായിക താരങ്ങളെ തെരഞ്ഞെടുക്കുക.
8. സ്കോളർഷിപ്പ് അനുവദിച്ചശേഷം ഏതെങ്കിലും സ്കീമിലേയ്ക്ക് മാറുകയോ സാമ്പത്തിക സഹായം നേടുകയോ ചെയ്താൽ സ്കോളർഷിപ്പ് ഒരു മുന്നറിയിപ്പു കൂടാതെ നിർത്തലാക്കുന്നതാണ്.
9. ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള കാലയളവിലെ Achievement ആണ് സ്കോളർഷിപ്പിന് പരിഗണിയ്ക്കുക.
10. സ്കോളർഷിപ്പിനായി തെരഞ്ഞെടുക്കുന്ന കായിക താരങ്ങൾക്ക് പ്രതിമാസം 10,000/- രൂപയും, സ്പോർട്സ് കിറ്റും അനുവദിയ്ക്കുന്നതാണെന്ന് തീരുമാനിച്ചു.

**Scoring Chart**

| | | | |
|---|---|---|---|
| 1. | ഇന്ത്യയെ പ്രതിനിധീകരിച്ച് ഒളിമ്പിക്സിൽ 1-ാം സ്ഥാനം | - | 600 |
| 2. | ഇന്ത്യയെ പ്രതിനിധീകരിച്ച് ഒളിമ്പിക്സിൽ 2-ാം സ്ഥാനം | - | 590 |
| 3. | ഇന്ത്യയെ പ്രതിനിധീകരിച്ച് ഒളിമ്പിക്സിൽ 3-ാം സ്ഥാനം | - | 580 |
| 4. | ഇന്ത്യയെ പ്രതിനിധീകരിച്ച് അംഗീകരിച്ച് അംഗീകൃത വേൾഡ് ചാമ്പ്യൻഷിപ്പിൽ 1-ാം സ്ഥാനം | - | 570 |
| 5. | ഇന്ത്യയെ പ്രതിനിധീകരിച്ച് അംഗീകരിച്ച് അംഗീകൃത വേൾഡ് ചാമ്പ്യൻഷിപ്പിൽ 2-ാം സ്ഥാനം | - | 560 |
| 6. | ഇന്ത്യയെ പ്രതിനിധീകരിച്ച് അംഗീകരിച്ച് അംഗീകൃത വേൾഡ് ചാമ്പ്യൻഷിപ്പിൽ 3-ാം സ്ഥാനം | - | 550 |
| 7. | ഇന്ത്യയെ പ്രതിനിധീകരിച്ച് കോമൺവെൽത്ത് ഗെയിംസിൽ | - | 540 |

| | | | |
|---|---|---|---|
| 8. | ഇന്ത്യയെ പ്രതിനിധീകരിച്ച് കോമൺവെൽത്ത് ഗെയിംസിൽ 2-ാം സ്ഥാനം | - | 530 |
| 9. | ഇന്ത്യയെ പ്രതിനിധീകരിച്ച് കോമൺവെൽത്ത് ഗെയിംസിൽ 3-ാം സ്ഥാനം | - | 520 |
| 10. | ഇന്ത്യയെ പ്രതിനിധീകരിച്ച് ഏഷ്യൻ ഗെയിംസിൽ 1-ാം സ്ഥാനം | - | 510 |
| 11 | ഇന്ത്യയെ പ്രതിനിധീകരിച്ച് ഏഷ്യൻ ഗെയിംസിൽ 2-ാം സ്ഥാനം | - | 500 |
| 12. | ഇന്ത്യയെ പ്രതിനിധീകരിച്ച് ഏഷ്യൻ ഗെയിംസിൽ 3-ാം സ്ഥാനം | - | 490 |
| 13. | ഇന്ത്യയെ പ്രതിനിധീകരിച്ച് വേൾഡ് യൂണിവേഴ്സിറ്റിയാഡിൽ 1-ാം സ്ഥാനം | - | 480 |
| 14. | ഇന്ത്യയെ പ്രതിനിധീകരിച്ച് വേൾഡ് യൂണിവേഴ്സിറ്റിയാഡിൽ 2-ാം സ്ഥാനം | - | 470 |
| 15. | ഇന്ത്യയെ പ്രതിനിധീകരിച്ച് വേൾഡ് യൂണിവേഴ്സിറ്റിയാഡിൽ 3-ാം സ്ഥാനം | - | 460 |
| 16. | ഇന്ത്യയെ പ്രതിനിധീകരിച്ച് ഒളിമ്പിക്സിൽ പങ്കെടുക്കുക | - | 450 |
| 17. | ഇന്ത്യയെ പ്രതിനിധീകരിച്ച് അംഗീകൃത വേൾഡ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുക. | - | 440 |
| 18. | ഇന്ത്യയെ പ്രതിനിധീകരിച്ച് കോമൺവെൽത്ത് ഗെയിംസിൽ പങ്കെടുക്കുക. | - | 430 |
| 19. | ഇന്ത്യയെ പ്രതിനിധീകരിച്ച് ഏഷ്യൻ ഗെയിംസിൽ പങ്കെടുക്കുക | - | 420 |
| 20. | ഇന്ത്യയെ പ്രതിനിധീകരിച്ച് വേൾഡ് യൂണിവേഴ്സിറ്റിയാഡിൽ പങ്കെടുക്കുക | | 410 |
| 21. | ഇന്ത്യയെ പ്രതിനിധീകരിച്ച് വേൾഡ് ജൂനിയർ/യൂത്ത് 1-ാം സ്ഥാനം | - | 400 |
| 22. | ഇന്ത്യയെ പ്രതിനിധീകരിച്ച് വേൾഡ് ജൂനിയർ/യൂത്ത് 2-ാം സ്ഥാനം | - | 390 |
| 23. | ഇന്ത്യയെ പ്രതിനിധീകരിച്ച് വേൾഡ് ജൂനിയർ/യൂത്ത് 3-ാം സ്ഥാനം | - | 380 |
| 24. | ഇന്ത്യയെ പ്രതിനിധീകരിച്ച് വേൾഡ് സ്കൂൾ ഗെയിംസിൽ 1-ാം സ്ഥാനം | - | 370 |
| 25. | ഇന്ത്യയെ പ്രതിനിധീകരിച്ച് വേൾഡ് സ്കൂൾ ഗെയിംസിൽ 2-ാം സ്ഥാനം | - | 360 |
| 26. | ഇന്ത്യയെ പ്രതിനിധീകരിച്ച് വേൾഡ് സ്കൂൾ ഗെയിംസിൽ 3-ാം സ്ഥാനം | - | 350 |
| 27. | ഇന്ത്യയെ പ്രതിനിധീകരിച്ച് ഏഷ്യൻ സ്കൂൾ ഗെയിംസിൽ 1-ാം സ്ഥാനം | | 340 |
| 28. | ഇന്ത്യയെ പ്രതിനിധീകരിച്ച് വേൾഡ് സ്കൂൾ ഗെയിംസിൽ 2-ാം സ്ഥാനം | - | 330 |
| 29. | ഇന്ത്യയെ പ്രതിനിധീകരിച്ച് വേൾഡ് സ്കൂൾ ഗെയിംസിൽ 3-ാം സ്ഥാനം | - | 320 |
| 30. | ഇന്ത്യയെ പ്രതിനിധീകരിച്ച് അംഗീകൃത ജൂനിയർ/യൂത്ത് ലോക മത്സരത്തിൽ പങ്കെടുക്കുക | - | 310 |
| 31. | ഇന്ത്യയെ പ്രതിനിധീകരിച്ച് അംഗീകൃത ജൂനിയർ/യൂത്ത് സ്കൂൾ ഗെയിംസിൽ പങ്കെടുക്കുക | - | 300 |
| 32. | ഇന്ത്യയെ പ്രതിനിധീകരിച്ച് ഏഷ്യൻ സ്കൂൾ ഗെയിംസിൽ പങ്കെടുക്കുക. | - | 290 |

| | | | |
|---|---|---|---|
| 33. | ഇന്ത്യയെ പ്രതിനിധീകരിച്ച് സാഫ് ഗെയിംസിൽ 1-ാം സ്ഥാനം | - | 280 |
| 34. | ഇന്ത്യയെ പ്രതിനിധീകരിച്ച് സാഫ് ഗെയിംസിൽ 2-ാം സ്ഥാനം | - | 270 |
| 35. | ഇന്ത്യയെ പ്രതിനിധീകരിച്ച് സാഫ് ഗെയിംസിൽ 3-ാം സ്ഥാനം | - | 260 |
| 36. | ഇന്ത്യയെ പ്രതിനിധീകരിച്ച് സാഫ് ഗെയിംസിൽ പങ്കെടുക്കുക. | - | 250 |
| 37. | സംസ്ഥാനത്തെ/ഇന്ത്യൻ യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് ദേശീയ സീനിയർ നാഷണൽ/ നാഷണൽ ഗെയിംസിൽ 1-ാം സ്ഥാനം | - | 240 |
| 38. | സംസ്ഥാനത്തെ/ഇന്ത്യൻ യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് ദേശീയ സീനിയർ നാഷണൽ/ നാഷണൽ ഗെയിംസിൽ 2-ാം സ്ഥാനം | - | 230 |
| 39. | സംസ്ഥാനത്തെ/ഇന്ത്യൻ യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് ദേശീയ സീനിയർ നാഷണൽ/ നാഷണൽ ഗെയിംസിൽ 3-ാം സ്ഥാനം | - | 220 |
| 40. | കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് അന്തർസർവ്വകലാശാല മത്സരത്തിൽ 1-ാം സ്ഥാനം | - | 210 |
| 41. | കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് അന്തർസർവ്വകലാശാല മത്സരത്തിൽ 2-ാം സ്ഥാനം | - | 200 |
| 42. | കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് അന്തർസർവ്വകലാശാല മത്സരത്തിൽ 3-ാം സ്ഥാനം | - | 190 |
| 43. | സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ദേശീയ ജൂനിയർ/ യൂത്ത് നാഷണൽസിൽ 1-ാം സ്ഥാനം | - | 180 |
| 44. | സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ദേശീയ സ്കൂൾ മത്സരത്തിൽ 1-ാം സ്ഥാനം | - | 170 |
| 45. | സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ദേശീയ ജൂനിയർ/ യൂത്ത് നാഷണൽസിൽ 2-ാം സ്ഥാനം | - | 160 |
| 46. | സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ദേശീയ സ്കൂൾ മത്സരത്തിൽ 2-ാം സ്ഥാനം | - | 150 |
| 47. | സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ദേശീയ ജൂനിയർ/ യൂത്ത് നാഷണൽസിൽ 3-ാം സ്ഥാനം | - | 140 |
| 48. | സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ദേശീയ സ്കൂൾ മത്സരത്തിൽ 3-ാം സ്ഥാനം | - | 130 |
| 49. | സംസ്ഥാനത്തെ പ്രതിനിധീകരിച്ച് സൗത്ത് സോൺ മത്സരങ്ങളിൽ 1-ാം സ്ഥാനം | - | 120 |
| 50. | സംസ്ഥാനത്തെ പ്രതിനിധീകരിച്ച് സൗത്ത് സോൺ മത്സരങ്ങളിൽ 2-ാം സ്ഥാനം | - | 110 |
| 51. | സംസ്ഥാനത്തെ പ്രതിനിധീകരിച്ച് സൗത്ത് സോൺ മത്സരങ്ങളിൽ 3-ാം സ്ഥാനം | - | 100 |
| 52. | സംസ്ഥാനത്തെ പ്രതിനിധീകരിച്ച് സൗത്ത് സോൺ ജൂനിയർ/യൂത്ത് 1-ാം സ്ഥാനം | - | [illegible] |
| 53. | സംസ്ഥാനത്തെ പ്രതിനിധീകരിച്ച് സൗത്ത് സോൺ ജൂനിയർ/യൂത്ത് 2-ാം സ്ഥാനം | - | 80 |
| 54. | സംസ്ഥാനത്തെ പ്രതിനിധീകരിച്ച് സൗത്ത് സോൺ ജൂനിയർ/യൂത്ത് 3-ാം സ്ഥാനം | - | 70 |

- ഒരു സാമ്പത്തിക വർഷത്തിലെ ഉയർന്ന മൂന്ന് കായിക നേട്ടമായി രിക്കും സ്കോളർഷിപ്പിന് പരിഗണിക്കുക.
- അപേക്ഷകരുടെ മൂന്ന് കായിക നേട്ടങ്ങളുടെ മാർക്ക് നൽകി മെറിറ്റടി സ്ഥാനത്തിൽ റാങ്ക് ചെയ്തായിരിക്കും സ്കോളർഷിപ്പ് പരിഗണിക്കുക.
- ഇതിനായി 7 അംഗ കമ്മിറ്റിയുണ്ടായിരിക്കും.
- കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

൭ സ്കോളർഷിപ്പ് ലഭിക്കുന്ന കായിക താരങ്ങൾക്ക് ബാങ്ക് മുഖേനയായി രിക്കും സ്കോളർഷിപ്പ് വിതരണം ചെയ്യുക.

- രണ്ടു ഘട്ടങ്ങളിലായിട്ടായിരിക്കും സ്കോളർഷിപ്പ് ബാങ്ക് അക്കൗണ്ട് വഴി അനുവദിക്കുക.
- കായിക താരങ്ങൾക്ക് സ്കോളർഷിപ്പ് തുടർന്ന് ലഭിക്കണമെങ്കിൽ നില വിലെ കായിക നേട്ടങ്ങളെക്കാൾ ഉയർന്ന നേട്ടങ്ങൾ തുടർന്നുള്ള വർഷ ങ്ങളിൽ കൈവരിക്കേണ്ടതാണ്.
- സ്കോളർഷിപ്പായി ലഭിക്കുന്ന തുക കായിക ആവശ്യങ്ങൾക്കായിട്ടായി രിക്കണം വിനിയോഗിക്കേണ്ടത്.
- തിരഞ്ഞെടുക്കപ്പെടുന്ന കായിക താരങ്ങൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലുമായി ഒരു MOU ഒപ്പു വയ്ക്കേണ്ടതാണ്.

൮ ഭിന്ന ശേഷിയുള്ള 1 കായിക താരത്തെ സ്കോളർഷിപ്പിനായി പരിഗണി ക്കുന്നതാണ്.

൯ കേരളത്തെ പ്രതിനിധീകരിച്ച് നേട്ടങ്ങൾ കൈവരിക്കുന്ന കായിക താര ങ്ങളെ ആയിരിക്കും സ്കോളർഷിപ്പിനായി പരിഗണിക്കുക.

SO